19892
9/12/16.

©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2016 ഡിസംബർ 5<br>5th December 2016<br>1192 വൃശ്ചികം 20<br>20th Vrischikam 1192<br>1938 അഗ്രഹായനം 14<br>14th Agrahayana 1938 | നമ്പർ<br>No. 2095 |

GOVERNMENT OF KERALA

**Personnel and Administrative Reforms (Rules) Department**

NOTIFICATION

G. O. (P) No. 30/2016/P&ARD.

*Dated, Thiruvananthapuram, 3rd December, 2016.*

**S. R. O. No. 734/2016.**—In exercise of the powers conferred by sub-section (1) of section 2 of the Kerala Public Services Act, 1968 (19 of 1968), read with section 3 thereof, the Government of Kerala hereby make the following rules further to amend the Special Rules of Kerala Last Grade Service, issued by Notification under G. O. (P) No. 12/2016/P&ARD, dated 4th June, 2016 and published as S. R. O. No. 412/2016, namely:—

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2016.

33/3975/2016/S-11.

RULES

1. *Short title and commencement.*—(1) These rules may be called the Special Rules for the Kerala Last Grade Service (2nd Amendment) Rules, 2016.

(2) They shall come into force at once.

2. *Amendment of the Rules.*—In the Special Rules for Kerala Last Grade Service, issued as per G. O. (P) No. 12/2016/P&ARD, dated 4th June, 2016 and published as S. R. O. No. 412/2016, dated 4th June, 2016,—

(i) In sub-rule (2) of rule 1, the words 'on the 1st July 2011' shall be deleted and added the words 'at once'.

(ii) The following shall be added after sub-rule (i) of rule (2), namely:—

"*Savings.*—Notwithstanding anything contained in these rules, the amendment in qualification introduced after the issue of the notification for selection to the post by the Kerala Public Service Commission will be applicable to the future notifications to be issued by the Kerala Public Service Commission after 4th June, 2016 and will not affect the advices made from the ranked lists in force in the 14 Districts, which are prepared on the basis of the qualifications that existed prior to the coming in force of the amended rules."

By order of the Governor,

K. R. JYOTHILAL,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

As per G. O. (Ms.) No. 21/2011/P&ARD, dated 1-7-2011, Government have modified the general qualification for the post of Kerala Last Grade Servants in Various Departments. But necessary amendments in

the special rules have been made only on 4th June 2016, giving retrospective effect from 1st July 2011. In the meantime Kerala Public Service Commission has started process of selection in Last Grade Service and published ranked lists on 30-6-2015. The Kerala Public Service Commission has been advising candidates since then. In order to enable the Kerala Public Service Commission to make advises from the ranked lists which were prepared based on the qualifications that existed prior to the coming into force of the amendment issued as per G. O. (P) No. 12/2016/P&ARD, dated 4-6-2016, Government has decided to include a saving clause. It has also been decided to cancel the retrospective effect given to G. O. (P) No. 12/2016/P&ARD, dated 4-6-2016. This has necessitated amendment to the special rules for the Kerala Last Grade Service issued vide G. O. (P) No. 12/2016/P&ARD, dated 4-6-2016.

The notification is intended to achieve the above object.

---

-40

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 30-11-2016.**

ഫയൽ നം.റൂൾസ്-2/33/2016/ഉ.ഭ.പ.വ. ഇനം നം: 508

43) വിഷയം : ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - കേരള ലാസ്റ്റ് ഗ്രേഡ് സർവീസിൽ ഉൾപ്പെട്ട തസ്തികകളുടെ യോഗ്യത പരിഷ്കരിച്ചുകൊണ്ട് പുറപ്പെടുവിച്ച 04.06.2016-ലെ സ.ഉ.(പി) 12/2016/ഉ.ഭ.പ.വ. നമ്പർ ഉത്തരവിന് (എസ്.ആർ.ഒ. നം.412/2016) ഭേദഗതി വരുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.

# കേരള സർക്കാർ
# (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. ഫയൽ നമ്പർ | : | റൂൾസ്-2/33/2016/ഉ.ഭ.പ.വ. |
| 2. വകുപ്പ് | : | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ് |
| 3. വിഷയം | : | കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെട്ട തസ്തികകളുടെ യോഗ്യത പരിഷ്കരിച്ചുകൊണ്ട് പുറപ്പെടുവിച്ച 4.6.2016-ലെ സ.ഉ. (പി) 12/2016/ഉ.ഭ.പ.വ. നമ്പർ ഉത്തരവിന് (SRO No. 412/2016) ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്. |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 20/11/2016 |
| 5. (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഇല്ല |
| (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ബാധകമല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശ്രീലത. പി.ആർ. |
| 8. കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. സത്യജീത് രാജൻ (പ്രിൻസിപ്പൽ സെക്രട്ടറി) |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26/11/2016 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. എസ്.എം. വിജയാനന്ദ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 28/11/2016 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി) |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 29/11/2016 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിക്കുന്ന തീയതി | : | 29/11/2016 |
| 15. മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | 30/11/2016 |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | സ.ഉ. (പി) നം. 30/2016/ഉ.ഭ.പ.വ., തീയതി: 03/12/2016 (SRO No. 734/2016) |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെട്ട തസ്തികകളുടെ യോഗ്യത പരിഷ്കരിച്ചുകൊണ്ട് പുറപ്പെടുവിച്ച 4.6.2016-ലെ സ.ഉ. (പി) 12/16/ഉ.ഭ.പ.വ. നമ്പർ ഉത്തരവിന് ഭേദഗതി വരുത്തുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. സർക്കാരിലെ വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്, എൽ.ഡി.ക്ലർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ്, സെക്രട്ടറിയേറ്റ്/പി.എസ്.സി. തുടങ്ങിയവയിലെ ടൈപ്പിസ്റ്റ്, അസിസ്റ്റന്റ് മുതലായ തസ്തികകളുടെ നിയമനത്തിനുള്ള യോഗ്യത 1/7/2011-ലെ സ.ഉ. (എം.എസ്) 21/2011/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പ്രകാരം പരിഷ്കരിക്കുകയുണ്ടായി. 1.7.2011-ലെ ഉത്തരവിന് മുമ്പ് ലാസ്റ്റ് ഗ്രേഡ് തസ്തികയ്ക്ക് നിഷ്കർഷിച്ചിരുന്ന യോഗ്യത ''Must be able to read and write Malayalam or Tamil or Kannada"എന്നായിരുന്നു. 1/7/2011-ലെ ഉത്തരവ് പ്രകാരം ഈ യോഗ്യത ''Should have passed Std. VII and should not have acquired any Degree" എന്ന് പരിഷ്കരിക്കുകയുണ്ടായി. തദനുസരണം കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിലും [ചട്ടം 8] 1/7/2011 മുതൽ പ്രാബല്യം നൽകി ഭേദഗതി വരുത്തി 4/6/16-ലെ സ.ഉ. (പി) 12/2016/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി (SRO No. 412/16).

3. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ഭേദഗതിയ്ക്കുമുമ്പുള്ള യോഗ്യതപ്രകാരം തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും ഭേദഗതിക്കുശേഷം നിലവിൽ വരുന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശ നടത്താനാവില്ലെന്ന് പി.എസ്.സി. സെക്രട്ടറി സർക്കാരിനെ അറിയിക്കുകയുണ്ടായി. നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെട്ടുത്താതിരിക്കുന്നതിനായി കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾ 8-ൽ വരുത്തിയ ഭേദഗതിയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റുകളെ ബാധിക്കാത്ത രീതിയിൽ Saving Clause ഉൾപ്പെടുത്തുന്നതിന് പി.എസ്.സി. ശിപാർശ ചെയ്തിരുന്നു. ഇപ്രകാരം Saving Clause ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിന് മുഖ്യമന്ത്രി അനുമതി നൽകിയിരുന്നു.

4. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് ഭേദഗതി

വിജ്ഞാപനത്തിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-എ) വകുപ്പ് താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി:

"In the amended special rules the date of effect is given as 01-07-2011, the date of effect of GO (Ms) 21/2011/P&ARD dated 01/07/2011. If the 'Savings', as proposed, becomes effective, that would mean that the qualifications prescribed as per GO (P) No. 12/2016/P&ARD will not affect the advises to be made from the rank lists that are existing as on 01-07-2011. It means, 'savings' as proposed, if it is effected, will defeat the very purpose for which the amendment is proposed.

If the provisions in GO (Ms) No. 21/2011/P&ARD dated 01/07/2011, with regard to the qualifications of Last Grade Service, have not been operative till the date of notification as per GO (P) No. 12/2016/P&ARD, there is not need to give retrospective effect to sub-rule (2) of rule (2) of GO (P)No. 12/2016/P&ARD. Giving such retrospective effect to the said rule is the root cause of the problem.

As per GO (Ms) 233/85/GAD dated 27/06/1985, Government have clarified that the changes in qualification, method of appointment, age or other conditions of recruitment, introduced after the issue of a notification for selection to the post by the Public Service Commission will be given effect to in future selections only. As per the said GO, the existing rank list of Last Grade Servants is not affected by GO (P) No. 12/2016/P&ARD and the PSC is free to advise candidates from the said rank list.

In the circumstances, P&ARD (Rules) may re-examine the draft notification as per the above suggestion and redraft it accordingly. In the mean time, PSC may be intimated that there is not impediment to advise candidates from the existing rank list as per GO (Ms) 233/85/GAD dated 27/06/1985 and the process of effecting necessary amendments to GO (P) No. 12/2016/P&ARD is going on."

5. തുടർന്ന് കരട് ഭേദഗതി നിയമ വകുപ്പിന്റെ പരിശോധനക്കായി അയക്കുകയുണ്ടായി. ഇക്കാര്യത്തിലുള്ള നിയമ വകുപ്പിന്റെ അഭിപ്രായം താഴെപ്പറയും പ്രകാരമാണ്:

"നിലവിലുള്ള ചട്ടങ്ങൾ പ്രകാരം, ഭേദഗതിക്ക് മുൻപുള്ള യോഗ്യത പ്രകാരം തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകളിൽ നിന്നും ഭേദഗതിക്കുശേഷം നിലവിൽ വരുന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശ നടത്താനാവില്ലാത്തതിനാൽ ടി സ്പെഷ്യൽ റൂളിൽ വരുത്തിയ ഭേദഗതി, ഭേദഗതിക്ക് മുൻപുള്ള യോഗ്യതയുടെ അടിസ്ഥാനത്തിൽ ടി തസ്തികയിലേക്കുള്ള തിരഞ്ഞെടുപ്പിനായി തയ്യാറാക്കിയ നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമന ശിപാർശ നടത്തുന്ന കാര്യത്തിന് ബാധകമായിരിക്കുകയില്ല എന്ന ഒരു saving clause കൂടി ഉൾപ്പെടുത്തി 04/06/2016-ലെ G.O. (P) No. 12/2016/P&ARD (S.R.O. No. 412/2016) എന്ന വിജ്ഞാപന പ്രകാരം കൊണ്ടുവന്ന ഭേദഗതിയിൽ വീണ്ടും ഭേദഗതി വരുത്തണമെന്നതാണ് പി.എസ്.സി.യുടെ നിർദ്ദേശം എന്ന് കാണുന്നു. ടി ഭേദഗതി ചട്ടങ്ങളുടെ പ്രാബല്യത്തീയതി മുതൽ ഉണ്ടായ ഒഴിവുകളെക്കൂടി ഉൾപ്പെടുത്തിയാണ് മേൽപറഞ്ഞ saving clause കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ ഭരണ വകുപ്പിന്റെ കു.ഫ. 17-ാം ഖണ്ഡികയിൽ പരാമർശിക്കുന്ന Mohanan Vs Director of Homeopathy (2006 [3] KLT 641) എന്ന കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിലേക്ക് ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. ടി ഉത്തരവിൽ,-

"............When the Government issues notification amending the Rules either with retrospective effect or with effect from the date of commencement of Rule (which would be the date of commencement of the notification unless the notification itself expressly or by necessary implication stipulates otherwise), the operation of the rules should commence on that day only and not other date. If the PSC is given the liberty to make advise from the list in force prepared in accordance with the unamended rules in respect of the vacancies which arose subsequent to the commencement of the amended rules, necessarily, that would amount to the PSC changing the date of commencement of the amended rules, which cannot be permitted by any stretch of imagination. R 14 of the Kerala Public Service Commission Rules of Procedure also cannot change the date of commencement of the amended rules promulgated by the Government. Therefore rule 14 can only be subservient to the powers of the Government to frame or amend Special Rules with or without retrospective effect and cannot be relied upon to enable the PSC to make advice from current rank list for appointment to vacancies which arose subsequent to the framing or amendment of the special rules............." എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ആയതിനാൽ ടി ഭേദഗതി ചട്ടങ്ങളുടെ പ്രാബല്യത്തീയതി മുതൽ ഉണ്ടായ ഒഴിവുകളിലേക്കും കൂടി നിയമന ശിപാർശ, ടി ഭേദഗതിക്കു മുൻപുള്ള യോഗ്യതയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകളിൽ നിന്നും നടത്തുന്ന കാര്യത്തിന് ടി സ്പെഷ്യൽ റൂളിൽ വരുത്തിയ ഭേദഗതി ബാധകമായിരിക്കുകയില്ല എന്ന ഒരു saving clause ഉൾപ്പെടുത്തുന്നത് ബഹു. ഹൈക്കോടതിയുടെ, ടി കേസിലെ ഉത്തരവിന് വിരുദ്ധമാകുമെന്നുകാണുന്നു. ആയതിനാൽ അപ്രകാരമുള്ള ഒരു ഭേദഗതി കൊണ്ടുവരുന്നത് ക്രമപ്രകാരമല്ല."

6. ബഹു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ saving clause കൂട്ടിച്ചേർത്ത് വീണ്ടും ഭേദഗതി വരുത്തി നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നത് ക്രമപ്രകാരമല്ലെന്നാണ് നിയമ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളത്. എന്നാൽ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുൻപ് തന്നെ 31-12-2013-ൽ അപേക്ഷ ക്ഷണിച്ച് എഴുത്ത് പരീക്ഷ നടത്തി 30-06-2015-ൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്കുള്ള നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്നിരുന്നു. അപേക്ഷ ക്ഷണിച്ച സമയത്ത് മലയാളം, തമിഴ്, കന്നട എന്നിവയിൽ ഏതെങ്കിലും ഒരു ഭാഷ എഴുതാനും വായിക്കാനും അറിഞ്ഞിരിക്കണം എന്നതായിരുന്നു പ്രസ്തുത തസ്തികയുടെ യോഗ്യത. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഏകദേശം 3000 ഓളം പേർക്ക് നിയമനം നൽകിയിട്ടുമുണ്ട്. 01-07-2011 എന്ന മുൻകാല പ്രാബല്യത്തോടെ 04-06-2016-ലെ ഉത്തരവ് പ്രകാരം ചട്ടങ്ങളിൽ ഭേദഗതി വരുത്തിയപ്പോൾ നിലവിൽ നിയമനം ലഭിച്ചവരും ഇനി നിയമനം കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികളും തികച്ചും ആശങ്കയിലാണ്. ഇത് കൂടാതെ 2006-ലെ മോഹനൻ V ഡയറക്ടർ ഓഫ് ഹോമിയോപ്പതി കേസ്സിലെ വിധി അനുസരിച്ച് ഒരു തസ്തികയുടെ യോഗ്യത സംബന്ധിച്ച് സർക്കാർ സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ പിന്നീട് ഉണ്ടാകുന്ന ഒഴിവുകളിൽ അപ്രകാരമുള്ള യോഗ്യതയുള്ളവർക്ക് മാത്രമെ പി.എസ്.സി. അഡ്വൈസ് നൽകാവു എന്ന് നിഷ്കർഷിച്ചിട്ടുമുണ്ട്.

7. ഫയൽ സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി താഴെപ്പറയുള്ള നിർദ്ദേശം മുന്നോട്ട് വയ്ക്കുകയും ഇക്കാര്യം മന്ത്രിസഭ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവ് നൽകുകകയും ചെയ്തിട്ടുണ്ട്.

> "വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ്, എൽ.ഡി.ക്ലർക്ക്, എൽ.ഡി ടൈപ്പിസ്റ്റ്, സെക്രട്ടേറിയറ്റ് അസ്സിസ്റ്റന്റ്/ടൈപ്പിസ്റ്റ് മുതലായ തസ്തികകളുടെ നിയമനത്തിനുള്ള യോഗ്യതപരിഷ്കരിച്ച് കൊണ്ട് 01.07.2011 ൽ സ.ഉ(കൈ)21/2011/ഉ.ഭ.പ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലൂടെ **ലാസ്റ്റ് ഗ്രേഡ് തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത ഏഴാം ക്ലാസ് ജയിച്ചിരിക്കണം എന്നാൽ ബിരുദധാരിയാകാൻ പാടില്ല എന്നാക്കി മാറ്റി.** കേരളത്തിന്റെ നിലവിലെ സാക്ഷരതാ

നിരക്കിന്റെയും സാമൂഹ്യ പശ്ചാത്തലത്തിന്റെയും തലത്തിൽ നിന്ന് പരിശോധിച്ചാൽ സമൂഹത്തിന്റെ ഏറ്റവും താഴെത്തട്ടിലുള്ള പാർശ്വൽക്കരിക്കപ്പെട്ട വിഭാഗത്തിൽ മാത്രമേ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാകാത്തവർ ഉണ്ടാകാൻ സാദ്ധ്യതയുള്ളൂ എന്നതിനാൽ ഈ തീരുമാനത്തിന് വർദ്ധിച്ച സാമൂഹ്യ പ്രസക്തിയുണ്ട്. 04.06.2016 ലെ സ.ഉ(പി) 12/2016/ഉ.ഭ.പ.വ ഉത്തരവ് പ്രകാരം കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിലും ഭേദഗതി വരുത്തുകയുണ്ടായി. പ്രസ്തുത ഭേദഗതിക്ക് 01.07.2011 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുമുണ്ട്. ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ വരുത്തിയ ഉത്തരവിന് 01.07.2011 മുതൽ മുൻകാല പ്രാബല്യം നൽകിയതാണ് ഇപ്പോൾ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾക്ക് പ്രധാന കാരണം.

എന്നാൽ, ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുൻപ് തന്നെ 31.12.2013 ൽ അപേക്ഷ ക്ഷണിച്ച് എഴുത്തു പരീക്ഷ നടത്തി 30.06.2015 ൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്കുള്ള നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്നിരുന്നു. **അപേക്ഷ ക്ഷണിച്ച സമയത്ത് മലയാളം, തമിഴ്, കന്നട എന്നിവയിൽ ഏതെങ്കിലും ഒരു ഭാഷ എഴുതാനും വായിക്കാനും അറിഞ്ഞിരിക്കണം എന്നതായിരുന്നു പ്രസ്തുത തസ്തികയുടെ യോഗ്യത.** പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഏകദേശം 3000 ത്തോളം പേർക്ക് നിയമനം നൽകിയിട്ടുമുണ്ട്. എന്നാൽ 01.07.2011 എന്ന മുൻകാല പ്രാബല്യത്തോടെ 04.06.2016 ലെ ഉത്തരവ് പ്രകാരം ചട്ടങ്ങളിൽ ഭേദഗതി വരുത്തിയപ്പോൾ നിലവിൽ നിയമനം ലഭിച്ചവരും ഇനി നിയമനം കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികളും തികച്ചും ആശങ്കയിലാണ്. ഇത് കൂടാതെ 2006 ലെ മോഹനൻ V ഡയറക്ടർ ഓഫ് ഹോമിയോപ്പതി കേസ്സിലെ വിധി അനുസരിച്ച് ഒരു തസ്തികയുടെ യോഗ്യത സംബന്ധിച്ച് സർക്കാർ സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ പിന്നീട് ഉണ്ടാകുന്ന ഒഴിവുകളിൽ അപ്രകാരമുള്ള യോഗ്യതയുള്ളവർക്ക് മാത്രമെ പി.എസ്.സി അഡ്വൈസ് നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുമുണ്ട്.

ഈ സാഹചര്യത്തിൽ (എ) നിലവിലെ റാങ്ക് ലിസ്റ്റിൽ അപേക്ഷ

ക്ഷണിക്കുമ്പോൾ നിശ്ചയിച്ച യോഗ്യതയുണ്ടായിരുന്ന ഉദ്യോഗാർത്ഥികൾക്ക് സാമാന്യ നീതി ഉറപ്പ വരുത്തുന്നതിനും നിയമനം ലഭിച്ചവർക്ക് ആവശ്യമായ നിയമ പരിരക്ഷ നൽകുന്നതിലേക്കുമായി 04.06.2016 ലെ സ.ഉ(പി) 12/2016/ഉ.ഭ.പ.വ ഉത്തരവിന് 01.07.2011 മുതൽ മുൻകാല പ്രാബല്യം നൽകിയ നടപടി റദ്ദാക്കാവുന്നതും പി.എസ്.സി ഇനി പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾക്ക് മാത്രമേ 04.06.2016 ലെ സ.ഉ(പി)12/2016/ഉ.ഭ.പ.വ ഉത്തരവ് പ്രകാരമുള്ള ചട്ട ഭേദഗതി ബാധകാകുകയുള്ളു എന്ന ഒരു 'clause' ചട്ടത്തിൽ ഉൾപ്പെടുത്താവുന്നതുമാണ്.

**അല്ലെങ്കിൽ**

(ബി) നിലവിലുള്ള സർക്കാർ തീരുമാത്തിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് തീരുമാനിക്കാമോ?

(എ) അംഗീകരിക്കുകയാണെങ്കിൽ ഇക്കാര്യത്തിൽ മന്ത്രിസഭാ തീരുമാനം ആവശ്യമാണ്. ഉത്തരവിനായി സമർപ്പിക്കുന്നു."

**<u>തീരുമാനിക്കേണ്ട വിഷയം</u>**

1) 4/6/2016-ലെ സ.ഉ. (പി) 12/16/ഉ.ഭ.പ.വ. ഉത്തരവുപ്രകാരം ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിലെ ചട്ടം 8-ന് വരുത്തിയ ഭേദഗതിക്ക് 1/7/2011 മുതൽ മുൻകാല പ്രാബല്യം നൽകിയ നടപടി റദ്ദാക്കാമോ;

2) 04.06.2016-ന് ശേഷം പി.എസ്.സി. പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾക്ക് മാത്രമേ 4.6.2016-ലെ സ.ഉ. (പി) 12/2016/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പ്രകാരം കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 8-ൽ വരുത്തിയ ഭേദഗതി ബാധകമാകുകയുള്ളു എന്ന ഒരു saving clause വിശേഷാൽ ചട്ടങ്ങളിൽ ഉൾപ്പെടുത്താമോ?